# ദർശനം 2025 -26

## അക്കാദമിക് മാസ്റ്റർപ്ലാൻ

## VISION 2025-26

### ACADAMIC MASTER PLAN

**Ph No. 0475 2262045**

### ഗവ: ഹൈസ്കൂൾ, നെട്ടയം –691306

**ഉപജില്ല–അഞ്ചൽ**

**വിദ്യാഭ്യാസജില്ല–പുനലൂർ**

**ജില്ല– കൊല്ലം**

**വർഷം –2025–26**

# *സമർപ്പണം*

*മികവിന്റെ പാതയിലേക്ക് ഒരു ചുവടു മുന്നേറാൻ, വിജയാകാശത്തിലേക്ക് ഒരു കുതിച്ചുചാട്ടം*

*നടത്താൻ നെട്ടയം ഗവ: ഹൈസ്കൂളിന്റെ അക്കാദമിക് മാസ്റ്റർപ്ലാൻ*

*ദർശനം – 2025 – 26*

*കേരളാസർക്കാരിനും*

*പൊതുവിദ്യാഭ്യാസവകുപ്പിനും*

*കൊല്ലം ജില്ലാ പഞ്ചായത്തിനും.*

*ഏരൂർ ഗ്രാമ പഞ്ചായത്തിനും ബഹുമാന്യരായ എല്ലാജന പ്രതിനിധികൾക്കും*

*സ്നേഹ നിധികളായ നാട്ടുകാർക്കും രക്ഷിതാക്കൾക്കും*

*പ്രീയങ്കരരായ വിദ്യാർത്ഥികൾക്കും മുന്നിൽ*

*പ്രതീക്ഷയോടെ സമർപ്പിക്കുന്നു .*

1. **ആമുഖം**

സഹ്യപർവ്വത നിരകളുടെ ദൂരകാഴ്ചകളാൽ മനസ്സിൽ നിറം ചാർത്തുന്ന ഗ്രാമത്തിന്റെ മുഖശ്രീയായി നിലകൊള്ളുന്നു നെട്ടയം ഗവൺമെന്റ് ഹൈസ്കൂൾ. ശ്രീനാരായണഗുരുദേവന്റെ പവിത്രമായ പാദ സ്പർശത്താൽ ധന്യമായി തീർന്ന ഈ മണ്ണിൽ സാക്ഷാൽ ജ്ഞാനപഴമായ ശ്രീ മുരുകന്റെ തൃക്കൺ വട്ടത്തിൽ, ആലിലച്ചാർത്തുകളുടെ കുളിർമ്മയിൽ തലമുറകൾക്ക് അറിവും അവബോധവും പകർന്നു നൽകി പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുകയാണ് ഈ വിദ്യാലയ മുത്തശ്ശി.

2. **പൊതുലക്ഷ്യങ്ങൾ**

- കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തൽ.
- കുട്ടികൾ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലും അനായാസം ആശയവിനിമയം ചെയ്യണം.
- സർഗാത്മക രചനകളിൽ ഏർപ്പെടുവാനും അവ പ്രസിദ്ധീകരിക്കുവാനും ഉള്ള അവസരം കൊടുക്കുക
- വായനാശേഷിയും താല്പര്യവും വർദ്ധിപ്പിച്ച് വിവിധ സാഹിത്യ പരിചയംനേടുക.
- കലാ–കായിക–ശാസ്ത്ര–പ്രവൃത്തിപരിചയ വിവരസാങ്കേതിക– അഭിനയ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബുകൾ.
- ശാസ്ത്രാഭിരുചിയും ശാസ്ത്രബോധവും വളർത്തിയെടുക്കൽ
- ദേശാഭിമാനവും മൂല്യബോധവും വളർത്തി എടുക്കൽ.
- പാരിസ്ഥിതികാവബോധം വളർത്തലും ജൈവവൈവിധ്യം തിരിച്ചറിയലും.
- മദ്യം, മയക്കുമരുന്ന് മുതലായ ലഹരിവസ്തുക്കൾക്ക് എതിരായ മനോഭാവം വളർത്തിയെടുക്കൽ
- പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളും മുഖ്യധാരയിലേക്ക് വളരണം.
- വിവരസാങ്കേതികവിദ്യയിൽ ആവശ്യമായ വൈദഗ്ധ്യം കൈവരിയ്ക്കൽ.
- ശുചിത്വബോധവും മാലിന്യസംസ്കരണ ധാരണയും നേടൽ
- കാർഷിക സംസ്കൃതിയിൽ അധിഷ്ഠിതമായ ജീവിതാവബോധം നേടൽ
- ജനാധിപത്യ–മതേതരബോധം വളർത്തി മാനവിക മൂല്യങ്ങളിൽ ധാരണ നേടൽ.
- വിഭാഗീയതകൾക്ക് അതീതമായ സമത്വബോധം നേടൽ.
- പ്ലാസ്റ്റിക്, കീടനാശിനി, ലഹരി, മാലിന്യം, ഇവയുടെ ദോഷവശങ്ങൾ മനസ്സിലാക്കൽ.
- നാട്ടറിവുകൾ, നാട്ടുചെടികൾ, നാട്ടുകലകൾ, നാട്ടുനടപ്പുകൾ എന്നിവയിൽ ബോധമുള്ളവരാകൽ

- വോട്ടവകാശം തൊഴിൽ എന്നിവയെക്കുറിച്ച് ധാരണ നേടൽ.
- ഗണിത ശേഷി വികസനം
- സ്കോളർഷിപ്പ് പരിശീലനം
- പ്രതിഭാ പോഷണ പരിപാടി
- റോബോട്ടിക്സ് , എ.ഐ പരിശീലനം
- ലൈബ്രറി ശാക്തീകരണം
- പഠനയാത്രകൾ
- ലബോറട്ടറി നവീകരണം.
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ.
- സൂംബാ ഡാൻസ് പരിശീലനം.

**3. ചരിത്രം**

വിദ്യകൊണ്ട് പ്രബുദ്ധരാകുവാനും സംഘടനകൊണ്ട് ശക്തരാകുവാനും നമ്മെ ഉദ്ബോധിപ്പിച്ച ലോക ഗുരു ശ്രീനാരായണഗുരുദേവന്റെ പേരിൽ എഴുതിക്കൊടുത്ത സ്ഥലവും അതിൽ ഉണ്ടായിരുന്ന കെട്ടിടവുമാണ് നെട്ടയത്ത് ഒരു ഗവ: ഹൈസ്കൂൾ നിലവിൽ വരുന്നതിന് വഴിതെളിഞ്ഞത്.

1948-49 കാലയളവിലാണ് നെട്ടയത്ത് സർക്കാർ ഒരു പ്രൈമറി സ്കൂൾ അനുവദിച്ചത്. സ്കൂളിന് ആവശ്യമായ സ്ഥലവും കെട്ടിടവും നൽകാം എന്ന വ്യവസ്ഥയിൽ, നെട്ടയം ശ്രീനാരായണ ഗുരുമന്ദിരവും 474-ാം നമ്പർ SNDP ശാഖഭരണ സമിതിയും സ്കൂളിന് സ്ഥലം എഴുതിനൽകി. എന്നാൽ കെട്ടിടം ഇല്ലാത്തതിനാൽ നെട്ടയത്തെ പുരാതന കുടുംബമായ പുത്തൻപുര വീട്ടിലെ കളീലിലാണ് ക്ലാസ് തുടങ്ങിയത്. പിന്നീട് നാട്ടുകാരുടെ ശ്രമഫലമായി സ്കൂളിന് അനുവദിച്ചു കിട്ടിയ സ്ഥലത്തു കെട്ടിടം പണി കഴിപ്പിച്ചു. സ്കൂൾ അതിൽ പ്രവർത്തനം ആരംഭിച്ചു. തുടർന്ന്, മിഡിൽ സ്കൂൾ ആയി ഉയർത്തുന്നതിന് വേണ്ടിയുള്ള സ്ഥലം 474-ാം നമ്പർ SNDP ശാഖ സർക്കാരിന് നൽകിയപ്പോൾ ഈ സ്കൂൾ മിഡിൽ സ്കൂളായി അപ്ഗ്രേഡ് ചെയ്തു.

1980-81 അധ്യയന വർഷത്തിൽ, ഒരു ഹൈസ്കൂൾ നടത്തിപ്പിന് ആവശ്യമായവസ്തു എസ്.എൻ.ഡി.പി ശാഖ വിട്ടു നൽകിയതിനെ തുടർന്ന് അന്നത്തെ MLA ആയിരുന്ന ശ്രീ പി. കെ ശ്രീനിവാസൻ അവർകളുടെ ശ്രമഫലമായി ഈ സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. ആദ്യ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി ശ്രീ.ടി കെ കൃത്തിവാസൻ സർ നിയമിതനാകുകയും, സ്കൂളിന്റെ വളർച്ചയ്ക്ക് കാരണമായി നിരവധി പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്തു. 1983 മാർച്ചിൽ ഈ സ്കൂളിലെ ആദ്യ എസ്.എസ്.എൽ.സി പരീക്ഷ നടന്നു. ആദ്യ പരീക്ഷയിൽ തന്നെ തിളക്കമാർന്ന ഉന്നത വിജയം നേടാനും കഴിഞ്ഞു.

ഇരുവശവും കാട് മൂടിയ ഊടു വഴികളിലൂടെയും, വയൽ വരമ്പുകളിലൂടെയും ഏറെ ദൂരെയുള്ള അഞ്ചലും മറ്റു പ്രദേശങ്ങളിലും പോയി ഉന്നത വിദ്യാഭ്യാസം നേടിയിരുന്ന ഈ നാട്ടിലെ കുട്ടികൾക്ക് കിട്ടിയ വരദാനമായിരുന്നു നെട്ടയം ഗവ.ഹൈസ്കൂൾ. 1983 ൽ തുടങ്ങിയ എസ്.എസ്.എൽ.സി പരീക്ഷ മുതൽ ഇന്നുവരെയും തിളക്കമാർന്ന വിജയം നേടാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. 2022-23, 2023-24, 2024-25 അദ്ധ്യയന വർഷങ്ങളിൽ തിളക്കമാർന്ന 100% വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്.

നെട്ടയം ഗ്രാമത്തിന് ദേശാന്തരങ്ങളിൽ പ്രസിദ്ധി നേടിക്കൊടുക്കുവാൻ കഴിഞ്ഞു. 10 വർഷം പുനലൂർ മണ്ഡലം എം.എൽ.എയും മുൻമന്ത്രിയുമായ അഡ്വ: കെ രാജു അവർകൾ കൊല്ലം ജില്ലാ പഞ്ചായത്തിന് മികച്ച ജില്ലാ പഞ്ചായത്താക്കി സംസ്ഥാന, ദേശീയപുരസ്കാരങ്ങൾ നേടിക്കൊടുത്തു. കൊല്ലം ജില്ലാ പഞ്ചായത്ത് മുൻപ്രസിഡന്റും കേരള കശുവണ്ടി വികസന കോർപ്പറേഷൻ ചെയർ മാനുമായ ശ്രീ എസ് ജയമോഹൻ അവർകൾ എന്നിവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. പ്രഗത്ഭരായ ഡോക്ടർമാരെയും എൻജിനീയർമാരെയും വാർത്തെടുത്തുകൊണ്ട് കലാസാഹിത്യ സാംസ്കാരിക ഔദ്യോഗിക സൈനിക രംഗങ്ങളിൽ നെട്ടയം ഗ്രാമത്തിന് വ്യക്തി മുദ്ര പതിപ്പിക്കാൻ ഈ സ്കൂൾ വഹിച്ച പങ്ക് വാക്കുകൾക്ക് അതീതമാണ്.

**കാഴ്ചപ്പാട് –വിദ്യാലയം മികവിന്റെ കേന്ദ്രം**

സമൂഹത്തിൽ ഉയർന്ന പ്രതീക്ഷക്കൊത്ത പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജിക്കുന്ന അറിവും കഴിവും കേരളത്തിലെ സമയപ്രായക്കാരും നേടിയെടുക്കണം എന്നുള്ളതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മുഖ്യ ലക്ഷ്യം. എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യ അവസരങ്ങൾ ഉറപ്പാക്കി എല്ലാവർക്കും അവരുടെ കഴിവുകൾ കണ്ടെത്തി ഉയർന്ന തലത്തിൽ എത്താനും പരിമിതികൾ മറികടക്കാനും സഹായിക്കുന്നു. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജിക്കുന്നതിനോടൊപ്പം മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം, തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് ആവശ്യമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കണം. ഇതോടൊപ്പം പാരിസ്ഥിതികാവബോധം, വിമർശനാവബോധം, സാമൂഹികാവബോധം, ലിംഗാവബോധം, എന്നിവ ഉൾക്കൊള്ളാൻ ആവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യണം.

നെട്ടയം ഗവൺമെന്റ് ഹൈസ്കൂൾ മാറുന്ന കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാനും സമൂഹത്തിന് നന്മ ചെയ്യുന്ന പൊതുതലമുറയെ വളർത്തിയെടുക്കാനും ഉതകുന്ന പ്രവർത്തനങ്ങളിലൂടെ മുന്നേറാനും ആണ് ആഗ്രഹിക്കുന്നത്. മണ്ണിനെ അറിഞ്ഞു മണ്ണിൽ അടിയുറച്ചു നിന്ന് മാനവിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന മനുഷ്യത്വമുള്ള ഒരു തലമുറയെ

വാർത്തെടുക്കലാണ് ഈ സ്കൂളിന്റെ ലക്ഷ്യം. ഇപ്രകാരം മാനുഷിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന ശാസ്ത്ര പ്രതിഭകളെയും, കലാകാരന്മാരെയും, കായികതാരങ്ങളെയും ഡോക്ടർമാരെയും, എഞ്ചിനീയർമാരെയും, കർഷകരെയും നാടിനു സംഭാവന ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

**പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങളിൽ**

പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുകയും കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ നെട്ടയം ഗവ :ഹൈസ്കൂൾ 'അക്കാദമിക മികവ് ' എന്ന പേരിൽ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ഈ വർഷം വളരെ പ്രാധാന്യത്തോടെ നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിക്ക് പ്രാധാന്യം നൽകി കൊണ്ടാണ് ഈ വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. സമഗ്ര ഗുണമേന്മാ പദ്ധതിയുടെ എല്ലാ മേഖലകളെയും ഇതിൽ ഉൾക്കൊള്ളിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് ഈ സ്കൂളിലെ കുട്ടികൾക്ക് മികച്ച വിജയം നേടുന്നതിന് വേണ്ടിയുള്ള പരീക്ഷാ പരിശീലനങ്ങളാണ് LSS, USS, NMMS, NTS തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്കു വേണ്ടി കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. ബി.ആർ.സി നടത്തിവരുന്ന ശാസ്ത്രോത്സവം, ഗണിതോത്സവം എന്നിവയിൽ ഈ സ്കൂളിൽ നിന്നുള്ള കുട്ടികൾക്ക് പ്രാധിനിധ്യം ലഭിക്കുന്നുണ്ട്. ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തി പരിചയമേളയിലേക്ക് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. അതിന്റെ ഫലമായി കഴിഞ്ഞവർഷം പ്രവർത്തിപരിചയത്തിൽ സംസ്ഥാനതലത്തിൽ നമ്മുടെ സ്കൂളിൽ നിന്ന് ദ്രുപത്.ഡി എന്ന കുട്ടി പങ്കെടുത്ത് A ഗ്രേഡ് നേടുകയുണ്ടായി. കായികരംഗത്ത് സംസ്ഥാനതലത്തിൽ സബ് ജൂനിയർ വിഭാഗം ഡിസ്ക് ത്രോ ഇനത്തിൽ ഗൗരിനാഥ്.ബി യുടെയും സബ് ജൂനിയർ വിഭാഗം ഫുട്ബോൾ മത്സരത്തിൽ കൊല്ലം ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത ശിഖാ ശ്രീജിത്തിന്റെ പങ്കാളിത്തം എന്നിവ എടുത്തുപയത്തകതാണ്. വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ LSS വിഭാഗത്തിൽ നിയ. എസ് മനോജ്, നിയ.എസ്. നായർ, ജഗന്നാഥ് മിഥുൻ എന്നിവർക്കും USS വിഭാഗത്തിൽ കൃഷ്ണജിത്ത്.എസ്, ആർഷ ഷിബു, ദേവനന്ദ. ബി, വൈഗ. എസ്, ആദിത്ത് ജി, ആദ്യത്യാ ഗിരീഷ്, മാധവ് മനോജ്, ശ്രീഹരി.എസ്, എന്നിവരും വിജയികളായി. USS വിഭാഗത്തിൽ കൃഷ്ണജിത്ത്.എസ് ഗിഫ്റ്റഡ് ചിൽഡ്രൻ വിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കരാട്ടെ ക്ലാസ് നിരവധി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു.

**നിലവിലെ അവസ്ഥ**

ഒന്നു മുതൽ 10 വരെ ഇംഗ്ലീഷ്, മലയാളം മീഡിയം നടന്നുവരുന്നു. ഒന്നു മുതൽ മൂന്നു വരെ ഓരോ ഡിവിഷൻ വീതവും 4 മുതൽ 10 വരെ രണ്ട് ഡിവിഷൻ വീതവും ഉണ്ട്. എല്ലാ വിഭാഗത്തിലുമായി 363 കുട്ടികൾ പഠിക്കുന്നു.

**കുട്ടികളുടെ എണ്ണം 2025-26**

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 1 | 1 | 5 | 6 |
| 2 | 4 | 8 | 12 |
| 3 | 13 | 5 | 18 |
| 4 | 15 | 16 | 31 |
| 5 | 25 | 25 | 50 |
| 6 | 23 | 14 | 37 |
| 7 | 19 | 23 | 42 |
| 8 | 29 | 27 | 56 |
| 9 | 31 | 24 | 55 |
| 10 | 26 | 30 | 56 |

**അധ്യാപകരുടെ എണ്ണം**

ശ്രീമതി. ബീനാമോൾ എസ് (ഹെഡ്മിസ്ട്രസ് )

ശ്രീ. സജികുമാർ.ആർ (HST ഹിന്ദി )

ശ്രീ.അജി.ഡി.പി (HST മലയാളം)

ശ്രീ. രതീഷ്. ജി (HST കണക്ക്)

ശ്രീമതി.സോഫിയ. എ (HST സോഷ്യൽ സയൻസ് )

ശ്രീമതി.അമ്പിളി. സി (HST മലയാളം)

ശ്രീമതി സവിത (HST ഫിസിക്കൽ സയൻസ്)

ശ്രീമതി പഞ്ചമി ബി.എസ് (HST ഇംഗ്ലീഷ്)

ശ്രീമതി. ഇന്ദുപ്രിയ.ആർ.എസ് (HST നാച്ചുറൽ സയൻസ്)

ശ്രീമതി. സുരഭ കുമാരി.ആർ (UP ഹിന്ദി )

ശ്രീമതി. കല്പന.എം.എസ് (UPST)

ശ്രീമതി. ഷീജ നന്ദൻ.എസ്.വി (UPST)

ശ്രീമതി. മാലിനി. വി (UPST)

ശ്രീമതി. രമ്യ ചന്ദ്രൻ (UPST)

ശ്രീമതി. രേഖ ആർ (UPST)

ശ്രീമതി. ജിജാ ജോയ് (UPST)

ശ്രീ. അനിൽ കെ ചാക്കോ (LPST)

ശ്രീ. ഫൈസൽ ബി (LPST)

ശ്രീമതി. ശ്രീജാ കുമാരി വി. എസ് (LPST)

ശ്രീമതി. ശ്യാമിലി. എസ് (LPST)

ശ്രീമതി. സുവി. എസ്. വി (LPST)

ശ്രീമതി. ജയശ്രീ.ജെ (Special education)

ശ്രീമതി. ബിന്ദു.കുമാരി.ബി (Special education)

ശ്രീമതി. ലിറ്റി.റ്റി.അലക്സ് (School counsellor)

**അനദ്ധ്യാപകർ**

ശ്രീ. രഞ്ജിത്ത്. ജി (ക്ലാർക്ക്)

ശ്രീമതി. കസ്തൂരി.എസ് (O. A)

ശ്രീമതി.സൗമ്യ (O.A)

ശ്രീ. അജികുമാർ. വി (FTCM)

ശ്രീമതി. സ്വപ്ന. ബി.ആർ (Cook)

**ഭൗതിക സാഹചര്യങ്ങൾ**

**നെട്ടയം ഗവ : ഹൈസ്കൂൾ നമ്മൾ പ്രതീക്ഷിക്കുന്ന തരത്തിലുള്ള ഒരു ഹൈ ടെക് വിദ്യാലയമായി ഉയർന്നു. നാടിന്റെ അഭിമാനമായി മാറണമെങ്കിൽ ഭൗതികസാഹചര്യത്തിൽ ഇനിയും മാറ്റങ്ങൾ ആവശ്യമാണ് .**

**സ്കൂളിന്റെ ഭൗതിക സാഹചര്യം ഇന്ന് നാളെ**

| ഭൗതികസഹചര്യം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറികൾ | 25 | 32 |
| സയൻസ് ലാബ് | 1 | 2 |
| ടോയ്‌ലറ്റ് | 8 | 12 |
| ലൈബ്രറി | 2 | 3 |
| പ്ലേ ഗ്രൗണ്ട് | ഭാഗികം | 1 |
| ഡൈനിങ് ഹാൾ | – | 1 |
| ആഡിറ്റോറിയം | 1 | 2 |
| സ്മാർട്ട് ക്ലാസ്സ് റൂം | 5 | 25 |
| കമ്പ്യൂട്ടർ ലാബ് | 1 | 2 |
| കമ്പ്യൂട്ടർ | 25 | 25 |
| പ്രൊജക്ടർ | 6 | 20 |
| ലാംഗ്വേജ് ലാബ് | – | 1 |
| ആർട്ട് ലൈബ്രറി | – | 1 |
| ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് | – | 2 |
| അഡാപ്റ്റഡ് ടോയ്‌ലറ്റ് | 1 | 4 |
| കുടിവെള്ളം ടാപ്പ് | 1 യൂണിറ്റ് | 4 യൂണിറ്റ് |
| ചുറ്റുമതിൽ | – | 1 |
| ഗേറ്റ്, ഷെൽഫ് | – | 2 |
| സൗണ്ട് സിസ്റ്റം | – | 30 |
| അലമാര പുസ്തക റാക്ക് | 2 | 15 |
| സ്പോർട്സ് റൂം | – | 1 |
| റീഡിങ് ടേബിൾ | 1 | 6 |
| കസേര | 10 | 100 |
| ടേബിൾ, ഷെൽഫ് | 5 | 30 |

**ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്റ്റ്**

സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതികൾ ഉൾപ്പെടുത്തി നെട്ടയം ഗവ: ഹൈസ്കൂൾ വിദ്യാലയ മികവിന് പര്യാപ്തമായ ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

**അക്കാദമികം**

1. നാടകക്കളരി
2. ഇംഗ്ലീഷ് പഠന പരിപോഷണം
3. ബ്ലോഗ് നിർമ്മാണം
4. ഗണിത ലാബ്, ഗണിതാന്തരീഷം ഒരുക്കൽ
5. ഭാഷ ശേഷിവികസനം

**ഭൗതികം**

1. നാടൻ ഫല വൃക്ഷത്തോട്ടം
2. ചുറ്റുമതിൽ, ഗേറ്റ്
3. അടുക്കള
4. ഡൈനിംഗ് ഹാൾ
5. മാലിന്യ സംസ്ക്കരണം

**സാമൂഹികം**

1. ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായി ഗ്രൂപ്പ്കൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.
2. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
3. വിദ്യാലയ വിഭാഗങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ
4. റിസോർഴ്സ് മാപ്പിംഗ്

# പദ്ധതിവിശകലനം

A. അക്കാദമികം

B. ഭൗതികം

C. സാമൂഹികം

**മേഖല–അക്കാദമികം – മലയാളം** **ഹ്രസ്വകാലം** **(Short term)**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /സ്രോതസ് |
|---|---|---|---|---|---|
| 1 | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് നടത്തുന്നു. അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ, അക്ഷര കാർഡ് നൽകൽ വാക്കുകൾ എഴുതിയ കാർഡ്, വാക്യരചന, ചിത്രം, (അടിക്കുറിപ്പ് തയാറാക്കൽ) ചിത്രം (കഥ പറയൽ) കഥ എഴുതൽ,കഥ പൂർത്തിയാക്കൽ, കഥ ബാക്കി എഴുതൽ കഥാ പുസ്തകം വായിക്കൽ,സിഡിയിൽ ചിത്രം നൽകി വാക്യം തിർമിക്കൽ | 3 മാസം | മലയാളം ടീച്ചർ എസ്.ആർ.ജി | 1000/– പി.ടി.എ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ, വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ സ്കൂൾ ലൈബ്രറി നവീകരിക്കൽ പത്ര വായന, പുസ്തക ചർച്ച വായന കുറിപ്പ് പതിപ്പ് ദിനാചരണങ്ങൾ ആകാശവാണി ക്ലബ്, സാഹിത്യകാരൻമാരുമായുള്ള അഭിമുഖം ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും വായനാ സാമഗ്രികൾ വികസിപ്പിക്കൽ, ഇ–വായന, പുസ്തകം ഒരുക്കൽ, വായനാക്കൂട്ടം, മോണിറ്ററിംഗ്, കാവ്യക്കൂട്ടം | 3 മാസം | മലയാളം ടീച്ചർ | 25000/– ആർ.എം.എസ്.എ എസ്.എസ്.എ |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ട രൂപീകരണം, ക്ലാസ് ലൈബ്രറി, പുസ്തക ചർച്ച, വായനാക്കുറുപ്പിന്റെ പതിപ്പ്, സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം, വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ, ചുമർ പത്രിക, ഇൻലൻഡ്മാഗസിൻ, സർഗസൃഷ്ടികളുടെ പുസ്തകം തയാറാക്കൽ എഴുത്തുകൂട്ടം ബാലസഭാ, പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്.ഭാഷ പ്രൊജക്റ്റ്, സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം, രചയിതാക്കളെ പരിചയപ്പെടൽ. | 6 മാസം | പ്രധാന അദ്ധ്യാപകൻ/ മലയാളം ടീച്ചർ<br><br>എസ്.ആർ.ജി | 50000/– പി.ടി.എ |

മധ്യകാലം (Mid-Term)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | അഭിനയ കളരി രൂപീകരിക്കൽ. | ക്ലാസുകളിൽനിന്നും അഭിനയ ശേഷിയുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുക. അതിനുവേണ്ടി ശില്പശാലകൾ സംഘടിപ്പിക്കുക. വിവിധ കലാകേന്ദ്രങ്ങൾ സന്ദർശിക്കുക. മികച്ച കലാകാരൻ മാരുടെ ഡോക്യൂമെന്ററി പ്രദർശനം. | 2 വർഷം | പ്രധാനാദ്ധ്യാപകൻ, ക്ലാസ് ടീച്ചർ, ഭാഷ അദ്ധ്യാപകൻ എസ്.ആർ.ജി | 100000/- പി. ടി. ഐ സ്കൂൾ വികസന സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനം |
| 2 | അക്ഷരശ്ലോക സമിതി രൂപീകരിക്കൽ, കാവ്യകേളി സംഘടിപ്പിക്കൽ | പുറത്തുനിന്നുള്ള പ്രഗത്ഭരായ സദസ്സുകാരെ കൊണ്ട്, അക്ഷരശ്ലോക സദസുകാരെക്കൊണ്ട്, അക്ഷരശ്ലോക സദസ് സംഘടിപ്പിക്കൽ, അക്ഷര ശ്ലോക സമിതിയുടെ മാസികകൾ, അക്ഷരശ്ലോക പുസ്തകങ്ങൾ, കാവ്യകേളി പുസ്തകങ്ങൾ, സി.ഡി പരിചയപ്പെടുത്തൽ. | 2 വർഷം | ഭാഷാ അധ്യാപകർ | 50000/- പി. ടി. ഐ സ്കൂൾ വികസന സമിതി, പൂർവ്വ വിദ്യാർത്ഥികൾ |
| 3 | ഡോക്യൂമെന്ററി നിർമ്മാണം | സ്കൂൾ ചരിത്രം, പ്രഗത്മരായ പൂർവ്വ വിദ്യാത്ഥികൾ,നാടിന്റെ സാംസ്കാരിക തനിമ, കാർഷിക പാരമ്പര്യം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടു കുട്ടികൾ നിർമ്മിക്കുന്ന ഡോക്യുമെന്ററി | 1 വർഷം | പ്രധാനാദ്ധ്യാപകൻ,, പി.ടി.എ, പൂർവ്വവിദ്യാർത്ഥി സംഘടന, കുട്ടികൾ | 2 ലക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപനം, BRC, DIET,DEO |

**ദീർഘകാലം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | നാടകസമിതി രൂപീകരണം | രൂപീകരിച്ച നാടക കളരിയുടെ വിപുലീകരണം അതിനായി മികച്ച പരിശീലനം നൽകൽ, മികച്ച നാടകങ്ങൾ കാണാനുള്ള അവസരം നാടകരചന, സംവിധാനം, അഭിനയം, രംഗസജീകരണം, എന്നിവ പരിശീലിപ്പിക്കൽ, വ്യത്യസ്തവേദികളിൽ നാടകാവതരണം | 5 വർഷം | HM അധ്യാപകർ, പി.ടി.എ. പൂർവ്വവിദ്യാർത്ഥി സംഘടന | 5 ലക്ഷം തദ്ദേശ സ്ഥാപനങ്ങൾ, വായനശാലകൾ സാംസ്കാരിക നായകർ ജന പ്രതിനിധികൾ. |
| 2 | പരിസ്ഥിതി പൈതൃക സാഹിത്യ കലാസംരക്ഷണം | നാടൻപാട്ട്, വഞ്ചിപ്പാട്ട്, മാപ്പിളപ്പാട്ട്പോലുള്ള നാടൻ സാഹിത്യങ്ങൾ പരിപോഷിപ്പിയ്ക്കൽ നമ്മുടെ നാട്ടു ചെടികൾ ഉൾകൊള്ളുന്ന ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം അതിന്റെ ഭാഗമായി നമ്മുടെ കാവ്യ ഗാന ശാഖകളിൽ പരാമർശിക്കുന്ന നാട്ടു ചെടികളെ പരിചയ പ്പെടുത്തുന്നു അവ പരിപാലി ക്കുന്നു. നാടൻ സാഹിത്യ കലാ രൂപങ്ങളെ ക്കുറിച്ചുള്ള മികച്ച ട്രൂപ്പുകൾ വളർത്തിയെടു ക്കുന്നു. നമ്മുടെ നാട്ടു ചെടികളുടെ ഔഷധ പാരിസ്ഥിതിക മൂല്യങ്ങളെ പറ്റി അറിവ് നൽകാൻ ശില്പശാലകൾ സംഘടിപ്പിക്കുന്നു, അഭിമുഖം, ചിത്രപ്ര ദർശനം, ഡോക്യുമെന്ററി എന്നിവ സംഘടി പ്പിക്കുകയും കുട്ടികളെ നാട്ടുചെടി സംരക്ഷ കരായി വളർത്തി യെടുക്കുകയും ചെയ്യുക. | 5 വർഷം | അധ്യാപകർ, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന, സംഘടന, HM, SRG, Staff Secretary | 3 ലക്ഷം തദ്ദേശസ്ഥാപനങ്ങൾ ക്ലബ്ബുകൾ, ലൈബ്രറി BRC, DIET |
| 3 | മലയാളം ഭാഷാ ലാബ് /തിയേറ്റർ | ലാബ് നിർമ്മാണം തിയറ്റർ നിർമ്മാണം ഭാഷാ സംബന്ധമായ ദൃശ്യ- ശ്രാവ്യ സാമഗ്രികൾ ഒരുക്കൽ | 5 വർഷം | HM അധ്യാപകർ | 25 ലക്ഷം PTA, തദ്ദേശസ്ഥാപനങ്ങൾ വിദ്യാഭ്യാസ വകുപ്പ് |
| 4 | കവി സദസ്സ് | മികച്ച കവികളെ വാർത്തെടുക്കുന്നതിനു വേണ്ടി കുട്ടികളുടെ കവിതകളുടെ അവതരണം, ദൃശ്യാവിഷ്കരണം, പുസ്തക പ്രകാശനം, സി.ഡി പ്രകാശനം മുതലായവ | 3 വർഷം | അധ്യാപകർ HM, PTA | 3 ലക്ഷം ക്ലബ്ബുകൾ ലൈബ്രറി പൂർവ്വ വിദ്യാർത്ഥികൾ |

## അക്കാദമികപ്ലാൻ – ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | ഭൗതികം | **സാമ്പത്തികം /ശ്രോതസ്** |
|---|---|---|---|---|---|---|
| 1 | എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ. | ▪ എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ<br>▪ Pretest<br>▪ നന്നായി എഴുതാനും വായിക്കാനും അറിയാവുന്ന ഒരാളെ ഉൾപ്പെടുത്തി കുട്ടികളെ ചെറു ഗ്രൂപ്പുകളായി തിരിക്കൽ<br>▪ അവർക്കു പ്രവർത്തനം വിശദീകരിച്ചുനൽകൽ<br>▪ Spelling games<br>▪ Rhymes<br>▪ ചിത്ര വായന<br>▪ പാഠഭാഗവുമായി ബന്ധപ്പെട്ട റോൾ പ്ലേ<br>▪ സ്കിറ്റുകൾ<br>▪ സംഭാഷണങ്ങൾ<br>▪ പാഠഭാഗം ചിത്രീകരണം<br>▪ കളിക്കാർഡുകൾ<br>▪ പദക്കാർഡുകൾ<br>▪ ഫൊണറ്റിക്സ് പരിചയപ്പെടുത്തൽ<br>▪ വീഡിയോ കോൺഫെറൻസിങ്<br>▪ വായന തന്ത്രങ്ങൾ ആവിഷ്ക്കരിക്കൽ<br>▪ കഥാചിത്രങ്ങൾ വിശദീകരിക്കൽ<br>▪ കഥകൾക്ക് തലക്കെട്ട് നൽകൽ<br>▪ ഇംഗ്ലീഷ് തീയറ്റർ<br>▪ ലാംഗ്വേജ് ലാബ് | ജൂൺ രണ്ടാം വാരം<br>ജൂൺ രണ്ടാം വാരം<br>പ്രതിദിനം<br>ആഴ്ചയിൽ മൂന്ന് ദിവസം<br>പ്രതിദിനം<br>പ്രതിദിനം<br>പ്രതിമാസം<br>5 വർഷം | ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ SRG<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ക്ലബ്<br>ടീച്ചർ<br>എച് .എം എസ് ആർ ജി പി.ടി.എ | ക്ലബ്ബുകൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ക്ലബ്ബുകൾ<br>ICT ഇന്റർനെറ്റ്<br>Expirts I. C. T<br>ലാംഗ്വേജ് ലാബ്<br>ഐ. സി. ടി കെട്ടിടം ഇന്റർനെറ്റ് | 1000/– P.T. A<br>5000/– പൂർവ്വ വിദ്യാർത്ഥി സംഘടന<br>1000/– PTA<br>50000/– ജനപ്രതിനിധികൾ<br>100000/–<br>200000/–<br>2500000/ ജനപ്രതിനിധികൾ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | ഭൗതികം | **സാമ്പത്തികം /ശ്രോതസ്** |
|---|---|---|---|---|---|---|
| 2 | ഇംഗ്ലീഷ് ഭാഷയോട് ആഭിമുഖ്യം വളർത്തൽ | ▪ ഇംഗ്ലീഷ് കോർണർ<br>▪ ഇംഗ്ലീഷ് അസംബ്ലി<br>▪ ക്ലാസ് ലൈബ്രറി<br>▪ സ്കൂൾ ലൈബ്രറി<br>▪ ഇംഗ്ലീഷ് പത്രം വായന<br>▪ പുതിയ പദങ്ങൾ ശേഖരിക്കൽ<br>▪ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ<br>▪ ഇംഗ്ലീഷ് ലാബ്<br>▪ വാൾ റേഡിയോ<br>▪ ഇംഗ്ലീഷ് കൾച്ചറൽ പ്രോഗ്രാം<br>▪ ഇംഗ്ലീഷ് ഡേ ആചരിക്കൽ<br>▪ ഈ –റീഡിംഗ്<br>▪ പതിപ്പുകൾ തയ്യാറാക്കൽ | 1 വർഷം<br>ആഴ്ചയിൽ 1<br>1 വർഷം<br>ദിവസവും<br>ദിവസവും<br>നിരന്തരം<br><br>ആഴ്ചയിൽ 1<br>ദിവസവും<br>മാസത്തിൽ 1<br><br>ആഴ്ചയിൽ 1<br>ആഴ്ചയിൽ 1<br>ആഴ്ചയിൽ 1<br>മാസത്തിൽ 1 | ഇംഗ്ലീഷ് ടീച്ചർ<br>എച്ച്. എം<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ<br><br>എച്ച്. എം<br>എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലീഷ് ക്ലബ്ബ്<br>പുസ്തകങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br><br>ഡിക്ഷ്ണറി<br>ഐ.സി.ടി<br>റേഡിയോ<br><br>ഓഡിറ്റോറിയം<br><br>എസ്.ആർ.ജി<br>ഇംഗ്ലീഷ് ക്ലബ്ബ്<br>എസ്.ആർ.ജി | 50000/– SSA, RMSA10000/- PTA 50000/- വികസന സമിതി 5000/– പൂർവ്വ വിദ്യാർത്ഥികൾ ക്ലബ്ബുകൾ 500000/– എം.പി ഫണ്ട് 10000/– എസ്. എസ്.എ 25000/– തദ്ദേശ സ്ഥാപനം |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | ഭൗതികം | **സാമ്പത്തികം /ശ്രോതസ്** |
|---|---|---|---|---|---|---|
| 3 | രചനാപരമായ വൈഭവം വികസിപ്പിക്കൽ<br><br>ആസ്വാദനശേഷി വികസിപ്പിക്കൽ | ▪ സാഹിത്യകൃതികൾ പരിചയപ്പെടുത്തൽ<br>▪ ഇംഗ്ലീഷ് കഥകൾ കവിതകൾ ശേഖരിക്കൽ<br>▪ വിശ്വവിഖ്യാതമായ ഇംഗ്ലീഷ് സാഹിത്യകാര ന്മാരെ പരിചയപ്പെടുത്തൽ<br>▪ കൃതികളുടെ പേര് ശേഖരിക്കൽ<br>▪ ആൽബം തയ്യാറാക്കൽ<br>▪ വായിച്ച കൃതികളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>▪ താളബോധമുള്ള കവിതകൾ കേൾക്കൽ<br>▪ കഥാ മത്സരങ്ങൾ<br>▪ കവിതാ മത്സരങ്ങൾ | ആഴ്ചയിൽ 1<br>മാസത്തിൽ 1<br>മാസത്തിൽ 1<br><br>നിരന്തരം<br><br>വർഷത്തിൽ 1<br><br>ആഴ്ചയിൽ 1<br><br>നിരന്തരം<br><br>മാസത്തിൽ 1 | ഇംഗ്ലീഷ് ടീച്ചർ<br>ക്ലബ്ബുകൾ<br>ഇംഗ്ലീഷ് ടീച്ചർ<br>ക്ലബ്ബുകൾ<br>ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ<br>എച്ച്.എം<br>എസ്.ആർ.ജി | ലൈബ്രറി പുസ്തകങ്ങൾ<br><br>ക്ലബ്ബുകൾ<br>പതിപ്പുകൾ<br>ഐ.സി.ടി<br>ഇന്റർനെറ്റ്<br>ലൈബ്രറി<br>ലൈബ്രറി മാസികകൾ<br>പുസ്തകങ്ങൾ<br>ലൈബ്രറി<br>ഐ.സി.ടി<br>ക്ലബ്ബുകൾ | 5000/– എസ്.എസ്.എ ആർ.എം.എസ്.എ<br>10000/– പൂർവ്വ വിദ്യാർത്ഥികൾ<br>10000/– തദ്ദേശ സ്ഥാപനം എസ്.എസ്.എ ആർ.എം.എസ്.എ<br>5000/– ടീച്ചേഴ്സ് തദ്ദേശവാസികൾ<br>10000/– എസ്.എസ്.എ ആർ.എം.എസ്.എ<br>15000/– എം.എൽ.എ ഫണ്ട്<br>10000/– എം.എൽ.എ ഫണ്ട് |

## ഹ്രസ്വകാല പ്രവർത്തനങ്ങൾ ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കൽ | 1. പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരം ഉറപ്പിക്കൽ<br>• കാർഡുകൾ നൽകൽ (അക്ഷരം, വാക്യം)<br>• നിർമ്മാണം (വാക്കുകൾ, വാക്യങ്ങൾ)<br>• എഴുത്ത് (അടിക്കുറിപ്പ്, കഥ, കവിത)<br>• കഥ പറച്ചിൽ<br>• വായന (കഥാപുസ്തകങ്ങൾ) | ജൂൺ ആദ്യവാരം<br><br>ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ എസ് ആർ ജി<br><br>ഹിന്ദി അധ്യാപകർ SRG, BRC, സഹകരണത്തോടെ | 1000/- പി.ടി.എ<br><br>15000/- പി.ടി.എ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കൽ | 1. ഹിന്ദി ക്ലാസ് ലൈബ്രറി വായന സാമഗ്രികൾ ലഘു വായന പുസ്തകം പത്രം<br>2. പതിപ്പുകൾ മാഗസിനുകൾ | 6 മാസം | ഹിന്ദി അധ്യാപകർ SRG, PTA (BRC,DIET,NCRT സഹകരണത്തോടെ) | 30000/- പി.ടി.എ |
| 3 | കുട്ടിയെ നല്ല എഴുത്തുകാരൻ ആക്കുക | 1. വായന കുറിപ്പ് തയ്യാറാക്കൽ<br>2. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>3. സർഗ്ഗ സൃഷ്ടികൾ തയ്യാറാക്കൽ | 6 മാസം | ഹിന്ദി അധ്യാപകർ എസ്.ആർ.ജി | |
| 4 | ആർജിച്ച കഴിവുകളുടെ ആവിഷ്കാരം | 1. സ്കൂൾ അസംബ്ലി<br>2. ക്ലാസ് പ്രസംഗവേദി<br>3. കവിതാലാപനം<br>4. അനുകരണ അധ്യാപനം<br>5. പാഠഭാഗത്തിന്റെ ദൃശ്യാവിഷ്കാരം | 6 മാസം | ഹിന്ദി അധ്യാപകൻ എസ് ആർ ജി | |

**മധ്യകാല പ്രവർത്തനങ്ങൾ**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|---|
| 1 | ഹിന്ദി ഭാഷയുടെ ആർജിച്ച കഴിവുകളുടെ ആവിഷ്കാരം | 1. നാടക കളരി പാഠഭാഗത്തിന്റെ നാടകാവിഷ്കാരം<br>2. കയ്യെഴുത്തു മാസിക തയ്യാറാക്കൽ<br>3. ഹിന്ദി പത്രം തയ്യാറാക്കൽ<br>4. ഹിന്ദി അസംബ്ലിയുടെ തുടർച്ച<br>5. ഹിന്ദി സാഹിത്യലോക പരിചയം | 2 വർഷം | അധ്യാപകർ എസ്.ആർ.ജി | PTA<br>BRC<br>DIET | 3 ലക്ഷം |

ദീർഘകാല പ്രവർത്തനങ്ങൾ ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|---|
| 1 | ഹിന്ദി ലാബ്/ തിയേറ്റർ | 1. ലാബ് നിർമ്മാണം<br>2. തിയേറ്റർ നിർമ്മാണം<br>3. ഭാഷ സംബന്ധമായ ദൃശ്യശ്രാവ്യ ഭാഷാ പ്രവർത്തനങ്ങൾ | 5 വർഷം | എച്ച്. എം അധ്യാപകർ | പി.ടി.എ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സാംസ്കാരിക സംഘടനകൾ | 15 ലക്ഷം |
| 2 | ഭാഷയെ പരിസ്ഥിതിയുമായി ബന്ധിപ്പിക്കൽ | 1. ഉദ്യാന നിർമ്മാണം<br>2. ചെടികളുടെയും വൃക്ഷങ്ങളുടെയും പൂക്കളുടെയും പേരുകൾ ഹിന്ദിയിൽ പ്രദർശിപ്പിക്കൽ<br>3. സൂചന ബോർഡുകൾ ഹിന്ദിയിൽ സ്ഥാപിക്കൽ<br>4. പരിസ്ഥിതി സംരക്ഷണ സംബന്ധമായ പോസ്റ്ററുകൾ പതിപ്പിക്കൽ | 5 വർഷം | എച്ച്. എം അധ്യാപകർ | പി .ടി .എ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ലബ്ബ് | 5 ലക്ഷം |

## സയൻസ്

മേഖല – അക്കാദമികം                ഉപമേഖല – സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | 1. പഠനത്തിലെ പിന്നോക്കാവസ്ഥ കണ്ടെത്തൽ<br>2. പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തൽ<br>3. പതിപ്പുകൾ മാഗസിനുകൾ തയ്യാറാക്കൽ | 3 മാസം | അധ്യാപകർ | പഠനസാമഗ്രികൾ 10000/- |
| 2 | പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നതിന് എല്ലാ ക്ലാസിലും ശാസ്ത്ര മൂല ഉറപ്പാക്കൽ | 1. ശാസ്ത്ര മൂലയിൽ ഉറപ്പാക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | 6 മാസം | എസ്.ആർ.ജി<br>അധ്യാപകർ<br>ക്ലാസ് ലീഡർ.<br>പി.ടി.എ | 15000/- |
| 3 | പരീക്ഷണങ്ങളിലൂടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാമഗ്രികൾ സജ്ജമാക്കൾ | 1. സയൻസ് ലാബിലേക്ക് ആവശ്യമായ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>2. ലാബ് നവീകരണം<br>3. ഡിജിറ്റൽ ലാബ് | 6 മാസം | എച്ച്.എം, ടീച്ചേഴ്സ്,<br>പി.ടി.എ,<br>എസ്.എം.സി | 1000000/- |
| 4 | സയൻസ് ഫെസ്റ്റ് പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ | 1. സയൻസ് ഫെയർ<br>2. ക്വിസ്<br>3. നാടകം<br>4. പ്രസംഗം<br>5. സെമിനാർ<br>6. വർക്ക് ബുക്ക് തയ്യാറാക്കൽ | 3 മാസം | Teachers, SRG, PTA, Resouce Person | 50000/- |
| 5 | പഠനാനുഭവങ്ങൾ മനസ്സിലാക്കുന്നതിന് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | അവധി ദിവസങ്ങളിൽ പഠനയാത്ര സംഘടിപ്പിക്കൽ | 1 മാസം | Sceince Teachers, SRG, PTA | 15000/- |

| | | | | | |
|---|---|---|---|---|---|
| 6 | കുട്ടികളുടെ പഠന പ്രവർത്തനങ്ങളും അനുഭവങ്ങളും ചർച്ച ചെയ്യുന്നതിനും വിശകലനം ചെയ്യുന്നതിനും ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക | ദിനാചരണങ്ങൾ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ സെമിനാർ | 3 മാസം | Sceince Teachers, SRG, BRC | 5000/- |
| 7 | ശാസ്ത്ര സാങ്കേതിക വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | ബഹിരാകാശ വാരം ചാന്ദ്രദിനം മിനി പ്ലാനറ്റേറിയം തയ്യാറാക്കൽ | 1 വർഷം | HM, Teacher, PTA,SMC | 500000/- |
| 8 | സി.ഡബ്ലിയു.എസ്.എൻ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക | അനുയോജ്യമായ ഉപകരണങ്ങളും പഠനസഹായികളും ലഭ്യമാക്കുക | 3 മാസം | Teacher, PTA,SMC, BRC | 400000/- |

**മേഖല – ഭൗതികം** **ഉപമേഖല – സയൻസ്**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | കുട്ടികൾക്ക് പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കാൻ പറ്റുന്ന സാമഗ്രികൾ സജ്ജമാക്കൾ | സയൻസ് ലാബ് നവീകരണം | 3 മാസം | Sceince Teachers, PTA, SMC | 1500000/- |
| 2 | ലക്ഷ്യം കുട്ടികൾക്ക് പാഠനാനുബന്ധപ്രവർത്തനങ്ങൾക്ക് ആവശ്യമായ പുസ്തകങ്ങൾ സജ്ജമാക്കൽ | സയൻസ് ലൈബ്രറി നവീകരണം | 3 മാസം | HM, Science Teacher, PTA,SMC | 1500000/- |
| 3 | കുട്ടികൾക്ക് റിസോഴ്സ് മെറ്റീരിയൽ ഉപകാരപ്രദമാക്കുന്നതിന് സിഡി പ്രദർശിപ്പിക്കുന്നതിന് പരീക്ഷണങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനുള്ള സൗകര്യമൊരുക്കൽ | ഡിജിറ്റൽ ക്ലാസ് റൂം | 6 മാസം | Teachers, PTA, SMC | 1000000/- |
| 4 | കുട്ടികളുടെ കഴിവുകൾ മനസ്സിലാക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ഉള്ള അവസരമുരിക്കൽ | ശാസ്ത്രപ്രദർശനം | 3 മാസം | Science Teacher, PTA,SMC | 10000/- |

**മേഖല – സാമൂഹികം** **ഉപമേഖല – സയൻസ്**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ<br>പരിസര ശുചിത്വം<br>അപര്യാപ്ത രോഗങ്ങൾ<br>പകർച്ചവ്യാധികളും പ്രതിരോധ മാർഗങ്ങളും<br>മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ<br>അവയവദാനം നേത്രദാനം എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് | 6 മാസം | HM, Teacher, PTA,SMC ആരോഗ്യ പ്രവർത്തകർ | 100000/- |
| 2 | പരിസ്ഥിതി സംരക്ഷണം | വായു ജലം മണ്ണ് മലിനീകരണം തടയൽ<br>ജൈവവൈവിധ്യ സംരക്ഷണം<br>ജൈവ വൈവിധ്യ പാർക്ക്<br>ഔഷധത്തോട്ട നിർമ്മാണം | 1 വർഷം | HM, Teachers Class, Leaders PTA | 50000/- |
| 3 | കൃഷി ഒരു സംസ്കാരം | വിത്തു ശേഖരിക്കൽ<br>പച്ചക്കറി തോട്ട നിർമ്മാണം<br>കര നെൽകൃഷി<br>നൂതന കൃഷി രീതി പരിചയപ്പെടുത്തൽ<br>കാർഷിക ദിനാചരണം<br>കാർഷിക വിദഗ്ധരുമായുള്ള അഭിമുഖം | 1 വർഷം | HM, Teachers Class, Leaders PTA, SMC കാർഷിക വിദക്തർ | 50000/- |

**മേഖല – അക്കാദമികം** **ഉപമേഖല – സാമൂഹ്യ ശാസ്ത്രം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ദേശാഭിമാനവും മൂല്യബോധവും വളർത്തിയെടുക്കൽ | 1. ദിനാചരണങ്ങൾ<br>2. ദേശീയ നേതാക്കളുടെ ചിത്രപ്രദർശനം<br>3. ചരിത്ര സംഭവങ്ങളുടെ ഡോക്യുമെന്റേഷൻ<br>4. പതിപ്പുകൾ തയ്യാറാക്കൽ<br>5. ധീര ജവാന്മാരെ ആദരിക്കൽ അനുഭവങ്ങൾ പങ്കുവെക്കൽ<br>6. ഭരണഘടന ബോധവൽക്കരണ ക്ലാസുകൾ | 1 വർഷം | Class Teachers, SRG,SMC,PTA | 100000/ – ജില്ലാ പഞ്ചായത്ത് |
| 2 | സമ്പന്നമായ ഭാരതീയ സംസ്കാരവും പൈതൃകവും ഉൾക്കൊണ്ടുകൊണ്ടുള്ള പൗരൻ ആക്കി വളർത്തുക | 1. പഠനയാത്രകൾ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സംഘടിപ്പിക്കുന്നു<br>2. ചരിത്ര പണ്ഡിതന്മാരുമായുള്ള സംവാദം<br>3. ചരിത്ര വസ്തുക്കളുടെ സംരക്ഷണം ശേഖരണം പ്രദർശനം | 2 വർഷം | സോഷ്യൽ സയൻസ് ടീച്ചർ സാമൂഹ്യ വിഭവങ്ങൾ പി.ടി.എ | 100000/ – ജില്ലാ പഞ്ചായത്ത് |
| 3 | ആഗോള ചരിത്രത്തെ കുറിച്ചുള്ള കാലഘടന ബോധം ഉണ്ടാക്കുക | 1. കേരളചരിതം, ഇന്ത്യാ ചരിത്രം, ലോക ചരിത്രം എന്നിവയിലെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി കാലഗണന ചാർട്ട് തയ്യാറാക്കി പ്രദർശനം<br>2. ചരിത്ര സംഭവങ്ങൾ കാലഗണനാക്രമത്തിൽ ചിട്ടപ്പെടുത്തി പവർ പോയിന്റ് പ്രസന്റേഷൻ<br>3. റോൾ പ്ലേയും നാടകാവിഷ്കാരവും | 3 മാസം | SS Teachers, SRG | 5000/– |
| 4 | ഭൗമ ശാസ്ത്ര പരമായ പ്രതിഭാസങ്ങളും അവയുടെ കാരണങ്ങളെയും പറ്റിയുള്ള അവബോധം കുട്ടികളിൽ ഉളവാക്കുക | 1. ഭൗമോൽപത്തിയും പരിണാമവും ഐ.സി.ടി<br>2. പ്ലാനറ്റോറിയം വിസിറ്റിംഗ്<br>3. ഭൗമ പ്രതിഭാസങ്ങൾ നിരീക്ഷിക്കാനുള്ള ഉപകരണങ്ങൾ നിർമ്മിക്കൽ<br>4. ഭൗമ ചരിത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ | 3 മാസം | HM, SRG, SS Teacher, PTA, സാമൂഹ്യ വിഭവങ്ങൾ | 50000/– ഗ്രാമപഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | ശേഖരണം വായന റിപ്പോർട്ട് അവതരണം<br>5. ഫീൽഡ് ട്രിപ്പ്<br>6. ചർച്ചകൾ<br>7. സംവാദങ്ങൾ<br>8. പ്രാദേശിക ദുരന്തനിവാരണ സേന രൂപീകരിക്കൽ | | | |
| 5 | ആഗോള സമ്പത്ത് വ്യവസ്ഥയെ കുറിച്ചുള്ള ധാരണ ഉണ്ടാക്കിയെടുക്കൽ | 1. വിവിധ ആഗോള ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും സേവനങ്ങളും ഐ.സി.ടി<br>2. വിവിധ രാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥ താരതമ്യം വിശകലനം<br>3. ആധുനിക ബാങ്കിംഗ് പ്രവർത്തനങ്ങൾ പഠനം | | SS Teachers, SRG | 3000/- പി.ടി.എ |
| 6 | വിവിധ സാമൂഹ്യശാസ്ത്രം മത്സരങ്ങളിലേക്ക് പങ്കെടുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക | സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ<br>1. വാരാന്ത്യ അവലോകനം<br>2. ക്വിസ്<br>3. സംവാദം<br>4. സെമിനാർ<br>5. പ്രോജക്റ്റ്<br>6. മോക് പാർലമെന്റ്<br>7. മോഡലുകൾ നിർമ്മാണം<br>8. അറ്റ്ലസ് നിർമ്മാണം<br>9. പ്രാദേശിക ചിത്രരചന<br>10. പ്രസംഗം<br>11. ചാർട്ടുകൾ തയ്യാറാക്കൽ എന്നിവ സംഘടിപ്പിക്കുന്നു<br>12. എല്ലാ ക്ലാസ്സുകളിലും സോഷ്യൽ സയൻസ് കോർണർ രൂപീകരിക്കുന്നു | 5 വർഷം | HM, SS Teacher, സാമൂഹ്യ വിഭവങ്ങൾ | 500000/- എം.എൽ.എ ഫണ്ട് |
| 7 | സാമൂഹ്യശാസ്ത്ര പഠന നിലവാരം ഉയർത്തുക | 1. പരിഹാരബോധനം<br>2. അധിക പഠന പ്രവർത്തനം<br>3. കോർണർ പിടിഎ | 1 വർഷം | HM, SS Teacher,SRG സാമൂഹ്യ വിഭവങ്ങൾ | 25000/- വിദ്യാലയവികസന സമിതി |

| | | | | | |
|---|---|---|---|---|---|
| | | 4. ക്ലാസ് പി.ടി.എ<br>5. പൂർവ വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തൽ | | | |
| 8 | ആർജിച്ച അറിവുകൾ പ്രായോഗികതലത്തിൽ കൊണ്ടുവരിക | 1. ശേഖരിച്ച ചരിത്രപരമായ ക്ലിപ്പിങ്ങുകൾ, സിനിമകൾ, ഡോക്കുമെന്റുകൾ തുടങ്ങിയവ സോഷ്യൽ സയൻസ് ലാബിലേക്ക് സംഭാവന ചെയ്യുന്നു<br>2. ചരിത്ര മ്യൂസിയം ഒരുക്കൽ<br>3. ഫീൽഡ് ട്രിപ്പുകൾ<br>4. സ്കിറ്റുകൾ, നാടകങ്ങൾ, തത്സമയ വിവര സംവാദം, എന്നിവ നടത്തുന്നു<br>5. നിയമസഭാ സന്ദർശനവും വിലയിരുത്തലും<br>6. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്<br>7. പ്രാദേശിക ചരിത്രരേഖ തയ്യാറാക്കൽ<br>8. പഴയകാല സ്വാതന്ത്ര്യ സമര സേനാനികളുടെ ഭവന സന്ദർശനം<br>9. സ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ മാതൃകയിൽ വിദ്യാർത്ഥി സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നു | 5 വർഷം | HM, SS Teacher,SRG,PTA സാമൂഹ്യ വിഭവങ്ങൾ | 30000/- ജില്ലാ പഞ്ചായത്ത് |

മേഖല – സാമൂഹികം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളെയും സാമൂഹിക അവബോധമുള്ളവരാക്കി മാറ്റുക | 1. സാമൂഹ്യപരമായ കുട്ടികളുടെ മുൻധാരണകൾ അവതരിപ്പിക്കാൻ ചർച്ചകൾ സംവാദങ്ങൾ എന്നിവ യിലൂടെ അവസരം നൽകുന്നു<br>2. വീഡിയോ ക്ലിപ്പിംഗുകൾ സാമൂഹിക പ്രതിബദ്ധത യുള്ള സിനിമകൾ തുടങ്ങിയവ പ്രദർശിപ്പിക്കുകയും അതിനെ തുടർന്ന് ഡോക്യുമെന്റേഷൻ തയ്യാറാക്കി അവതരിപ്പിക്കാൻ അവസരമൊരുക്കുകയും മെച്ചപ്പെ ട്ടവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.<br>3. സാമൂഹിക രംഗത്ത് കാലാനുസൃതമായി ഉണ്ടായ വികസന പരിണാമങ്ങൾ പരാമർശിക്കുന്ന ലേഖ നങ്ങൾ അടങ്ങിയ ആനുകാലികങ്ങൾ, പത്രമാസിക കൾ ഗ്രന്ഥങ്ങൾ തുടങ്ങിയവ ശേഖരിച്ച വിശകലന കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നു<br>4. സാമൂഹിക പ്രക്രിയകയിൽ സജീവമായി ഇടപെടുന്നതും ഇടപെട്ടതുമായ വ്യക്തികളുടെ ജീവിതവും പ്രവർത്തന ശൈലിയും പരിചയപ്പെടു ത്തിയും അതാതു പ്രദേശങ്ങളിൽ ലഭ്യമായ സാമൂഹിക പ്രവർത്തകരെ പങ്കുടുപ്പിച്ചുകൊണ്ടുള്ള പഠന പ്രവർത്തനങ്ങളിലൂടെ സാമൂഹിക പ്രശ്ന ങ്ങളിൽ സജീവമായി ഇടപെടുന്നതിനും ക്രിയാത്മക മായി പ്രവർത്തിക്കുന്നതിനും അവസരം ഒരുക്കുന്നു<br><br>**സാമൂഹികം**<br>1. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം കഷ്ടതകൾ അനുഭവിക്കുന്ന കുടുംബങ്ങളെ കുട്ടികളുടെ സഹായത്തോടെകണ്ടെത്തുകയും | 6 മാസം | HM, Class Teacher, SS Club,ARG,PTA | 200000/-<br>ജില്ലാ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | കുട്ടികളെ സാമൂഹ്യ പ്രശ്നങ്ങൾ പഠിക്കുന്നതിനും ,പരിഹരിക്കുന്നതിനും പ്രാപ്തരാക്കുന്നു | പ്രശ്നപരിഹരണംവരെയുള്ളഘട്ടങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ നടത്തുകയും ചെയ്യുന്നു<br>2. കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്ന സാമൂഹിക പ്രശ്നങ്ങളായ ലഹരിയുടെ ഉപയോഗം, ഇലക്ട്രോണിക് മീഡിയയുടെ തെറ്റായ ഉപയോഗം എന്നിവയ്ക്കെതിരെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടികൾ മുൻ കൈ എടുത്തുനടത്തുന്നു.<br><br>**പാരിസ്ഥിതികം**<br>1. സമൂഹത്തിലെ പ്രധാന പാരിസ്ഥിതിക പ്രശനങ്ങളായ മാലിന്യ നിക്ഷേപം, പരിസ്ഥിതി വിഭവങ്ങളുടെ ദുരുപയോഗം എന്നിവ തടയുന്നതിനാവശ്യമായ ഫലപ്രദമായ പ്രവർത്തനങ്ങൾ കുട്ടികൾ മുൻകൈ യെടുത്തു ചെയ്യുന്നു<br>2. ജൈവവൈവിധ്യം നിലനിർത്തുന്നതിനായി കാവു കൾ, തണ്ണിർതടങ്ങൾ, വയലേലകൾ, എന്നിവ യുടെ സംരക്ഷണവും, ജൈവവൈവിധ്യ ഉദ്യാനങ്ങൾ കുട്ടികൾ മുൻകൈയെടുത്ത് നിർമ്മി ക്കുകയും ചെയ്യുന്നു .<br><br>**വ്യക്തിഗതം**<br>1. വിവിധ ക്ലാസുകളിലെ സമായോജനം സാധ്യ മാകാത്തകുട്ടികളെ കേസ്സ്റ്റഡ് വിധേയമാക്കു കയും ആവശ്യമായ തുടർ പ്രവർത്തനങ്ങൾ കുട്ടികളെ ഉൾപ്പെടുത്തി നടത്തുന്നു. | 3 വർഷം | HM, SRG, PTA സാമൂഹ്യശാസ്ത്ര ക്ലബ്ബ്, സാമൂഹിക വിഭവങ്ങൾ | 1000000/- എം.പി ഫണ്ട് |

മേഖല – ഭൗതികം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കാവശ്യമായ വായനാസാമഗ്രികൾ ഒരുക്കൽ | 1. സോഷ്യൽ സയൻസ് ലൈബ്രറി വികസനം<br>2. ക്ലാസ്സുകളിലെ സോഷ്യൽ സയൻസ് കോർണറുകളുടെവികസനം | 1 വർഷം | Class Teacher, SS Teachers, Social Sceince Club | 200000/- ജില്ലാ പഞ്ചായത്ത് |
| 2 | കുട്ടികൾക്ക് പ്രവർത്തനത്തിലൂടെ കണ്ടു മനസിലാക്കാൻ പറ്റുന്നതും നിർമ്മാണ പ്രക്രിയയിലൂടെ മനസിലാക്കാൻപറ്റുന്നതുമായ പ്രവർത്തനങ്ങൾ ചെയ്യാനുള്ള സൗകര്യങ്ങൾ ഒരുക്കൽ | 1. സോഷ്യൽ സയൻസ് ലാബ് നവീകരണം<br>2. സ്മാർട്ട് ക്ലാസ് നവീകരണം | 3 വർഷം | HM, Class Teacher, SRG, PTA സാമൂഹിക വിഭവങ്ങൾ | 500000/- എം.പി ഫണ്ട് |
| 3 | വിക്ടേഴ്സ് ചാനൽ പ്രോഗ്രാമുകളും മറ്റ് വിദ്യാഭാസ പ്രോഗ്രാമകളും, റിസോഴ്സ് CD കളും പ്രദർശിപ്പിക്കാനുള്ള സൗകര്യമൊരുക്കുന്നു | 1. ഒരുക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുവാൻ പറ്റുന്നരീതിയിലുള്ള സ്മാർട്ട് ക്ലാസ് നവീകരണം<br>2. ക്ലാസ് റൂമുകളിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ലഭ്യമാക്കൽ | 2 വർഷം | HM, PTA സാമൂഹിക വിഭവങ്ങൾ | 300000/- ജില്ലാ പഞ്ചായത്ത് |
| 4 | കുട്ടികൾക്ക് ഫീൽഡ്ട്രിപ് അനുഭവം പകർത്താനും, ഡോകുമെന്റേഷൻ ചെയ്യാനുമുള്ള സൗകര്യമൊരുക്കുന്നു | 1. വീഡിയോ ക്യാമറകൾ സജ്ജമാക്കൽ<br>2. ബസ് സൗകര്യമൊരുക്കൽ<br>3. മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾലഭ്യമാക്കൽ | 6 മാസം | HM, SRG, PTA സാമൂഹിക വിഭവങ്ങൾ | 100000/- RMSA,SSA |

| | | | | | |
|---|---|---|---|---|---|
| 5 | കുട്ടികൾക്ക് വാനനിരീക്ഷണത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു. | 1. ടെലെസ്കോപ്പ്,വിവിധതരം ലെൻസുകൾ എന്നിവ ലഭ്യമാക്കുക<br>2. പ്ലാനറ്റോറിയം സന്ദർശനം<br>3. സായംകാല ക്ലബ്ബുകളുടെ സംഘാടനം. | 9 മാസം | HM, Class Teacher, SS Club സാമൂഹിക വിഭവങ്ങൾ | 500000/- എം.പി ഫണ്ട് |
| 6 | സോഷ്യൽ സയൻസ് ലാബ്, കോർണർ നവീകരണം. | 1. പത്രങ്ങൾ, ആനുകാലികങ്ങൾ ഗ്രന്ഥങ്ങൾ. റിസോഴ്സുകൾ, അറ്റ്ലസുകൾ. വിവിധതരം ചാർട്ടുകൾ, മോഡലുകൾ ഷെൽഫുകൾ എന്നിവ ലഭ്യമാക്കുന്നു | 1 വർഷം | | 200000/- എം.എൽ.എ ഫണ്ട് |

**അക്കാദമിക പ്ലാൻ – Short Term Mathematics**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | ഭൗതികം | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|---|
| 1 | എല്ലാകുട്ടികളെയും സംഖ്യകൾ എണ്ണുവാനും എഴുതുവാനുമുള്ള ശേഷിവികസിപ്പിക്കൽ, ജ്യാമിതീയ രൂപങ്ങളുടെ വരയ്ക്കലും അവയുടെ നിർമ്മാണവും<br><br>ജ്യാമിതീയ ഉപകരണങ്ങൾ പരിചയപ്പെടൽ ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ചുള്ള രൂപങ്ങളുടെ ICT-നിർമ്മാണം ഏലീഴലയ്യമ ഉപയോഗിച്ച് രൂപങ്ങളുടെ നിർമ്മാണം | Pre-test നടത്തി പഠനനില കണ്ടത്തെൽ വിശകലനം ചെയ്തമികവു കളും പരിമിതികളും കണ്ടെത്തുന്നു .<br>• പരിമിതികൾപരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ<br>• അബാക്കസ് ഉപയോഗപ്പെടുത്തൽ ട്രെയിനിങ് ഗണിത ലൈബ്രറി, ഗണിത ലാബ്<br>• വായന സാമഗ്രികൾ – സംഖ്യ കാർഡുകൾ ഉപയോഗപ്പെടുത്തുന്നു.<br>• സംഖ്യ പാട്ടുകൾ പാടുന്നു സംഖ്യ കളികൾ ( കത്തിലാക്കുക )<br>• സംഖ്യാ ചിത്രങ്ങളുടെ പ്രദർശനം, പതിപ്പുകൾ | ജനുവരി ആദ്യവാരം<br><br>1 മാസം ദിവസവും ദിവസവും 2 ദിവസ ത്തിൽ ഒരി ക്കൽ<br><br>ഫെബ്രുവരി | LP,UP, HS Maths Teacher<br><br>HM, Maths Teacher, SRG Convenor ടീച്ചർ, കുട്ടി കൾ, ഗ്രൂപ്പ്<br><br>കുട്ടികളുടെ ഗ്രൂപ്പ് ടീച്ചർ PTA, HM, Maths Club, Maths | ലാബ്, ലൈബ്രറി<br><br>സ്കൂൾ ഓഡിറ്റോറിയം<br><br>ഐ.സി.റ്റി | 1000/ എസ്.എം.സി<br><br>10000/- പി.ടി.എ<br><br>5000/- ജില്ലാ പഞ്ചായത്ത്<br><br>5000/- ജില്ലാ പഞ്ചായത്ത് |

## അക്കാദമിക പ്ലാൻ –മധ്യകാലം – മാത്തമാറ്റിക്സ്

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | ഭൗതികം | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|---|
| 1 | ചതുഷ് ക്രിയയിൽകുട്ടിയെ മികച്ചവനാക്കുക<br>മനഃകണക്കു പ്രോത്സാഹിപ്പിക്കുക | Pretest<br>ക്ലാസ് ഗ്രൂപ്പ് രൂപീകരിക്കൽ ഗണിത ക്രിയാപ്പാട്ടുകൾ രൂപീകരിക്കൽ, ഗ്രൂപ്പ്കൾ പട്ടികപാട്ട് ചൊല്ലൽ പട്ടിക പ്രദർശനം സ്കൂൾ ഭിത്തികളിൽ<br>ചോദ്യാവലി തയ്യാറാക്കൽ (2വീതം 1 (5) ഗണിതലാബ് പ്രയോജനപ്പെടുത്തൽ വിവിധതരം ഗണിത കേളികൾ നടത്തുക<br>വ്യാപാരം,പണമെണ്ണൽ, മനഃകണക്കു, കുസ്യതികണക്ക് വിവിധ കേളികൾ കണ്ടെത്തുക –സംഖ്യ കാർഡ് ഗണിത ഡയറി –അവരവരുടെ ഗണിതാനുഭവം–2തവണ. ചതുഷ്ക്രിയ ഉൾപ്പെട്ട നാടക രചന പ്രദർശനം | ജനുവരി<br>ജനുവരി ആഴ്ചയിൽ<br>ദിവസവും<br>ആഴ്ചയിൽ കഴിയുന്നത്ര സമയം<br>ആഴ്ചയിൽ രണ്ട് ആഴ്ച | ടീച്ചർ<br>പി.ടി.എ<br>ടീച്ചർ<br>ടീച്ചർ<br>മാക്സ് ക്ലബ്<br>എസ്. ആർ.ജി<br>ടീച്ചർ, ക്ലബ്<br>പി.ടി.എ<br>എസ്. എം. സി | ടീച്ചർ<br>എസ്.ആർ.ജി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ലാബ്<br>ICT<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ<br>ഡയറി | 5000/– പി.ടി.എ<br>8000/ പി.ടി.എ<br>7500/– SSA, ഞങ്ങടഅ<br>1000/SSA, RMSA<br>5000/– ഗ്രാമപഞ്ചായത്ത് |

**അക്കാദമിക പ്ലാൻ Long Term മാത്തമാറ്റിക്സ്**

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | ഭൗതികം | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|---|
| 1 | ഗണിത പഠനം ആസ്വാദ്യകരമാ ക്കാൻ കുട്ടികളുടെ നേരനുഭവങ്ങളും പരിചിതസന്ദ ർഭങ്ങളുമായി ബന്ധപ്പെടുത്തൽ | പ്രകൃതിയിൽ കാണുന്ന ചില പാറ്റേണുകളുടെ ശേഖരണം. ഗണിതലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുക. ശേഖരിക്കുക ഗണിതക്ലബ് ഗണിത ശാസ്ത്രജ്ഞന്മാരുമായി അഭിമുഖം. ചർച്ച സംഘടിപ്പിക്കാൻ, മന: കണക്കു, വീഡിയോ കോൺഫറൻസ്, ഗണിത മേളകൾ സംഘടി പ്പിക്കൽ, മെട്രിക് മേള കുറിപ്പുകളുടെ ശേഖരണം- എന്റെ ഗണിതാനുഭവ പതിപ്പ്, ഗണിത സഹവാസ ക്യാമ്പ് ഗണിത മാസിക, ഗണിത മൂല ശാക്തീകരണം, ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ഗണിതത്തിൽ ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്താൻ പ്രൊജക്റ്റ് ലാപ്ടോപ്പ് ഡയറി എന്റെ ഗണിതാനുഭവം ആഴ്ചയിൽ രണ്ടു വീതം. | നിരന്തരം<br>നിരന്തരം<br>മാസത്തിൽ 1<br>ഫെബ്രുവരി<br>വർഷത്തിൽ 3<br>വർഷത്തിൽ 1<br>വർഷത്തിൽ 1<br>ജനുവരി<br>എല്ലാ ദിവസവും<br>എല്ലായിപ്പോഴും<br>മാസത്തിൽ 4<br>മാസത്തിൽ 4<br>എല്ലാ ദിനവും | മാസികകൾ ഗണിത ക്ലബ്ബ്<br>പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ്<br>ഇന്റർനെറ്റ്<br>ഇന്റർനെറ്റ്<br>ഐ.സി.ടി<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | Parents/PTA<br>PTA,HM,SRG<br>SRG,HM,PTA, BRC<br>PTA,Friends, Teacher<br>PTA,HM,SRG, BRC,Teacher, Maths Club, Teacher | 820000/-<br>എം.എൽ.എ ഫണ്ട്<br>100000/-<br>ജില്ലാ പഞ്ചായത്ത്<br>18000/-<br>27000/-<br>17500/-<br>12500/-<br>ജില്ലാ പഞ്ചായത്ത്<br>1200000/- |
| 2 | ഗണിത പ്രതിഭകളുടെ വാർത്തെടുക്കൽ | ടാൻഗ്രാം ചെസ്സ് ഒറിഗാമി എന്നിവ പരിശീലനം<br>മെന്റൽ എബിലിറ്റി ട്രെയിനിങ്<br>ഗണിത ക്വിസ് തയ്യാറാക്കൽ<br>ഗണിത ക്വിസ് നടത്തൽ<br>ഗണിത അസംബ്ലി വിവിധ മത്സരങ്ങൾ<br>ഗണിത ക്വിസ് പാറ്റേൺ നിർമ്മാണം | ആഴ്ചയിൽ ഒരിക്കൽ<br>ജൂൺ | ഡയറജിസ്റ്റ് | Teachers<br>Maths Club<br>Teachers, Club | എം.പി ഫണ്ട്<br>500000/-<br>എം.പി ഫണ്ട്<br>100000/-<br>10000/-<br>ജില്ലാ പഞ്ചായത്ത് |

പ്രവർത്തിപരിചയം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | ഭൗതികം | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന് ഫലപ്രദമായി കൈത്തൊഴിലായി പ്രവർത്തി പഠനം ഉൾപ്പെടുത്താവുന്നതാണ് തൊഴിൽ പരിശീലനം ലഭിക്കത്തക്ക വിധത്തിൽ മിഷൻ തയ്യൽ പരിശീലിപ്പിക്കൽ കൈകൊണ്ടോ എംബ്രോയ്ഡറി പരിശീലിപ്പിക്കൽ റാന്ത കമ്പിളി വർക്ക് എന്നിവയുടെ പ്രവർത്തനവും നടത്താവുന്നതാണ് | 1. കലാപരമായും പ്രവർത്തിപരമായും വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നു<br>2. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളിലെ തൊഴിൽപരമായ കഴിവ് കണ്ടെത്തുന്നു. അതിന് ആവശ്യമായ പ്രവർത്തനം കണ്ടെത്തുന്നു<br>3. പ്രവർത്തനത്തിന് ആവശ്യമായ സാമഗ്രികൾ കണ്ടെത്തുന്നു ഉപയോഗപ്രദമായ മറ്റു വസ്തുക്കൾ<br>4. പ്രദർശനങ്ങൾ തൊഴിൽ ഇടങ്ങൾ എന്നിവ കാണുന്നു പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു | 1 വർഷം | വർക്സ് എക്സ്പീരിയൻസ് ടീച്ചർ<br><br>വർക്സ് എക്സ്പീരിയൻസ് ടീച്ചർ<br><br>പ്രഥമാധ്യാപകൻ, പി.ടി.എ | ക്ലാസ് റൂം<br><br>5 മിഷ്യൻ<br><br>മിഷ്യന്റെ തയ്യലിനാവശ്യമായ സാധനങ്ങൾ<br><br>കട്ടിംഗ് ടേബിൾ കത്രികകൾ തുണി | 200000/- എം.എൽ.എ ഫണ്ട്<br><br>50000/- ജില്ലാ പഞ്ചായത്ത്, പി.ടി.എ<br><br>20000/- എം.പി ഫണ്ട് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | ഭൗതികം | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന് ഫലപ്രദമായി കൈത്തൊഴിലായി പ്രവർത്തി പഠനം ഉൾപ്പെടുത്താവുന്നതാണ് തൊഴിൽ പരിശീലനം ലഭിക്കത്തക്ക വിധത്തിൽ മിഷൻ തയ്യൽ പരിശീലിപ്പിക്കൽ കൈകൊണ്ടോ എംബ്രോയ്ഡറി പരിശീലിപ്പിക്കൽ റാന്ത കമ്പിളി വർക്ക് എന്നിവയുടെ പ്രവർത്തനവും നടത്താവുന്നതാണ് | 1. കലാപരമായും പ്രവർത്തിപരമായും വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നു<br>2. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളിലെ തൊഴിൽപരമായ കഴിവ് കണ്ടെത്തുന്നു. അതിന് ആവശ്യമായ പ്രവർത്തനം കണ്ടെത്തുന്നു<br>3. പ്രവർത്തനത്തിന് ആവശ്യമായ സാമഗ്രികൾ കണ്ടെത്തുന്നു ഉപയോഗപ്രദമായ മറ്റു വസ്തുക്കൾ<br>4. പ്രദർശനങ്ങൾ തൊഴിൽ ഇടങ്ങൾ എന്നിവ കാണുന്നു പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു | 1 വർഷം | വർക്സ് എക്സ്പീപിരിയൻസ് ടീച്ചർ<br><br>വർക്സ് എക്സ്പീപിരിയൻസ് ടീച്ചർ<br><br>പ്രഥമാധ്യാപകൻ, പി.ടി.എ | ക്ലാസ് റൂം<br><br>5 മിഷ്യൻ<br><br>മിഷ്യന്റെ തയ്യലിനാവശ്യമായ സാധനങ്ങൾ<br><br>കട്ടിംഗ് ടേബിൾ കത്രികകൾ തുണി | 200000/- എം.എൽ.എ ഫണ്ട്<br><br>50000/- ജില്ലാ പഞ്ചായത്ത്, പി.ടി.എ<br><br>20000/- എം.പി ഫണ്ട് |

**മേഖല – അക്കാദമികം** **ഹ്രസ്വകാലം** **ഉപമേഖല ഐ.ടി**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കാനുള്ള നൈപുണ്യം നേടുക | ലാബിൽ കുട്ടികളുടെ അഭിരുചിക്ക് അനുസൃതമായ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ പരിചയപ്പെടുത്തുന്നു | 1 മാസം | ഐ.ടി ടീച്ചർ | PTA |
| 2 | ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സാധ്യത പരിചയപ്പെടുത്തുന്നു | പാഠഭാഗങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകരമായ ആപ്ലിക്കേഷൻസ് ഉപയോഗിക്കുന്നു | 2 മാസം | ഐ.ടി ടീച്ചർ, വിഷയാധിഷ്ഠിത അധ്യാപകൻ | RSMA, PTA |
| 3 | പഠനാവശ്യത്തിന് ഇന്റർനെറ്റ് സാധ്യതകൾ | സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗത്തെ പറ്റിയുള്ള അവബോധം ഉണ്ടാക്കൽ | 2 മാസം | ഐ.ടി ടീച്ചർ | PTA, RSMA |
| 4 | ഭാഷ കമ്പ്യൂട്ടിംഗ് സ്കൂൾ വിക്കി അനിമേഷൻ മുതലായവ ക്കുള്ള പരിശീലനം | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മനസ്സിലാക്കാനും സ്കൂൾ വിക്കിയിൽ വിവരങ്ങൾ അപ്ഗ്രേഡ് ചെയ്യാനും അനിമേഷൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യാനും കുട്ടികളെ പ്രാപ്തരാക്കുന്നു | 2 മാസം | ഐ.ടി ടീച്ചർ, വിഷയാധിഷ്ഠിത അധ്യാപകൻ | PTA, RSMA |
| 5 | ഹാർഡ്വെയർ പരിശീലനം | കമ്പ്യൂട്ടറിൽ ഉണ്ടാകുന്ന ചെറിയ തകരാറുകൾ പരിഹരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു | 2 മാസം | ഐ.ടി ടീച്ചർ | PTA |
| 6 | സ്കൂളിന് വെബ്സൈറ്റ് | സ്കൂളിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനും വിലയിരുത്താനും സ്വന്തമായൊരു വെബ്സൈറ്റ് തയ്യാറാക്കൽ | 2 മാസം | ഐ.ടി ടീച്ചർ | RSMA |

**മധ്യകാലം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർ ലാബ് നവീകരണം | സുരക്ഷിതമായ കെട്ടിടവും ഓരോ കുട്ടിക്കും ആവശ്യത്തിനുള്ള കമ്പ്യൂട്ടറുകളും ഇന്റർ സൗകര്യം ഉറപ്പാക്കൽ | 2 വർഷം | HM, SITC, IT Teacher | തദ്ദേക സ്വയംഭരണ സ്ഥാപനം, പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ |
| 2 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും | ക്ലാസിലെ ഓരോ കുട്ടിക്കും ഓരോ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉറപ്പാക്കൽ | 2 വർഷം | HM, SITC, IT Teacher | ജില്ലാ പഞ്ചായത്ത് എം.പി, എം.എൽ.എ ഫണ്ട് പൂർവ്വവിദ്യാർത്ഥികൾ |
| 3 | എല്ലാ ക്ലാസ് റൂമുകളും ഹൈടെക് ആക്കി മാറ്റുന്നു | കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് എല്ലാ ക്ലാസ്സും മുറികളിലും ഹൈടെക് ആക്കുന്നു | 2 വർഷം | HM, SITC, JITC, IT Teacher | എം.പി, എം.എൽ.എ ഫണ്ട് പൂർവ്വവിദ്യാർത്ഥികൾ |
| 4 | അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നെറ്റ് വർക്കിംഗ് | ലാബിലെ മുഴുവൻ കമ്പ്യൂട്ടറുകളും ക്ലാസ് റൂമിലെ കമ്പ്യൂട്ടറുകളും നെറ്റ്‌വർക്ക് ചെയ്യുന്നു | 2 വർഷം | HM, SITC, JITC | തദ്ദേക സ്വയംഭരണ സ്ഥാപനം, സ്കൂൾ വികസന സമിതി, പി.ടി.എ, |
| 5 | ഐടി മേഖലയിലെ ന്യൂനത പ്രവണതകൾ പുതിയ തൊഴിൽ സാധ്യതകൾ എന്നിവയെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിൽ സെമിനാർ ശില്പശാലകൾ സംഘടിപ്പിക്കൽ | പുറത്തുനിന്നുള്ള പ്രഗൽഭരായ ആളുകളെ കൊണ്ടുവന്ന് ഐടി മേഖലയിലെ നൂതന ന്യൂനത പ്രവണതകളെ കുറിച്ചും പുതിയ തൊഴിൽ സാധ്യതകളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു | 2 മാസം | HM, SITC, JITC, IT Teacher | തദ്ദേക സ്വയംഭരണ സ്ഥാപനം, സ്കൂൾ വികസന സമിതി, പി.ടി.എ, |
| 6 | റോബോട്ടിക്സ് പരിശീലനം | ലിറ്റിൽ ക്ലബ്ബ് പ്രവർത്തനങ്ങളിലെ റോബോട്ടിക്സ് പ്രവർത്തനം | 1 വർഷം | HM, SITC, JITC, IT Teacher | സ്കൂൾ വികസന സമിതി, KITE |

**ഉപമേഖല – കായിക പഠനം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുന്നതിന് വേണ്ടി സ്കൂൾതലത്തിൽ കായിക വിദ്യാഭ്യാസം അത്യാവശ്യമാണ് കായിക സമൂഹത്തിൽ നല്ല ഒരു കായിക താരത്തെ വാർത്തെടുക്കാൻ സാധിക്കും ഈ പഠനത്തിലൂടെ ശരീരത്തെ രോഗവിമുക്തമാക്കാൻ പറ്റും | • കുട്ടികൾക്ക് കായിക വാസന കണ്ടെത്തി അവർക്ക് അതിനുവേണ്ടി വ്യായാമം കൊടുത്ത് അവരെ നല്ല നിലവാരത്തിലേക്ക് കൊണ്ടുവരണം<br>• ഓരോ കുട്ടിക്കും അവരുടെ കഴിവ് കണ്ടെത്താൻ അവരുടെ ശരീരത്തെ സജ്ജമാക്കണം<br>• നല്ല ഒരു അത്‌ലറ്റിനെ കണ്ടെത്താൻ നല്ല രീതിയിൽ കുട്ടികൾക്ക് വ്യായാമം കൊടുക്കണം<br>• അതിനുവേണ്ടിയുള്ള സമയം വേണം<br>• ഫുട്ബോൾ കോർട്ട് വേണം | 2 വർഷം | കായിക അധ്യാപകർ | ജില്ലാ പഞ്ചായത്ത് പദ്ധതി 1 ലക്ഷം<br><br>എം.എൽ.എ ഫണ്ട് 1 ലക്ഷം<br><br>എം.പി ഫണ്ട് 50000/-<br><br>പി.ടി.എ ഫണ്ട് 20000 |

**ഉപമേഖല – കൗൺസിലിംഗ്**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /ശ്രോതസ് |
|---|---|---|---|---|---|
| 1 | • മാനസികപിന്തുണ<br>• കുട്ടികളുടെ സ്വഭാവരൂപീകരണം<br>• കൗമാര വെല്ലുവിളികൾ ലഹരിക്കെതിരെ | • ബോധവൽക്കരണ ക്ലാസുകൾ<br>• ഗ്രൂപ്പ് കൗൺസിലിംഗ്<br>• വ്യക്തിഗത കൗൺസിലിംഗ്<br>• പ്രവർത്തനാധിഷ്ഠിത പരിപാടികൾ | • ആഴ്ചയിൽ ഒന്ന്<br>• നിരന്തരം<br>• നിരന്തരം<br>• മാസത്തിൽ 1 | കൗൺസിലിംഗ് ടീച്ചർ<br><br>വിദഗ്ധരുടെ സേവനം<br><br>റഫറൽ സിസ്റ്റം | വനിത ശിശു വികസന പദ്ധതി 2000<br><br>ഒ.ആർ.സി പദ്ധതി |

**പ്രതീക്ഷിത നേട്ടങ്ങൾ**

എല്ലാകുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും മികച്ച അക്കാദമിക നിലവാരം ഉണ്ടാക്കുക എന്നതുതന്നെയാണ് പ്രധാനമായി പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ യു.പി തലത്തിൽ മികച്ച അഭിനയശേഷിയുള്ള ഒരുകൂട്ടം കുട്ടികളുണ്ട്. നാടകകളരി രൂപീകരണത്തിലൂടെ അടുത്ത അഞ്ചു വർഷംകൊണ്ട് ആകുട്ടികളുടെ ഒരു നാടക സമിതി രൂപീകരിക്കുക എന്നുള്ളത് ഒരു പ്രധാന ലക്ഷ്യമാണ്. എല്ലാ കുട്ടികൾക്കും മൂന്ന് ഭാഷകളും നല്ലതുപോലെ എഴുതുവാനും വായിക്കാനും ആശയവിനിമയം നടത്താനും തക്കവിധം ശേഷിനേടണം. കൂടാതെ ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്താനുള്ള ശേഷി നേടണം. അതുപോലെ വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യങ്ങളായി അറിവും, അച്ചടക്കബോധവും, സാമൂഹിതക പ്രതിബദ്ധതയുമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കാൻ കഴിയണം.

നാടൻ ഫലവൃക്ഷത്തോട്ട നിർമ്മാണത്തിലൂടെയും നാടൻ പൂച്ചെടിത്തോട്ട നിർമ്മാണത്തിലൂടെയും ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിലൂടെയും ഹരിത വിദ്യാലയം ശുചിത്വ വിദ്യാലയം എന്നീ ലക്ഷ്യം നേടാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

സമൂഹവുമായി കൂടുതൽ സംവദിക്കുന്നതിലൂടെ സ്കൂൾ കൂടുതൽ ജനകീയമാകുകയും സമീപപ്രദേശത്തുള്ള പ്രഗത്ഭരായ വ്യക്തികളെ സ്കൂളിന്റെ വളർച്ചയ്ക്കുവേണ്ടി വിനിയോഗിക്കാം എന്നുള്ളതും സാമൂഹികമായ ലക്ഷ്യമാണ്.

**മോണിറ്ററിംഗ് രീതി**

അക്കാദമിക കാര്യങ്ങളിലെ വിലയിരുത്തലിനും മോണിറ്ററിങ്ങിനും വേണ്ടി അതാതു വിഷയങ്ങളിലുള്ള അധ്യാപകരെ ഉൾപ്പെടുത്തി കൊണ്ടുള്ള HM ന്റെ നേതൃത്വത്തിലുള്ളതുമായ ഒരു മോണിറ്ററിംഗ് കമ്മിറ്റി മോണിറ്ററിംഗ് ചെയ്യും

ഭൗതിക സാഹചര്യങ്ങൾ എച്ച്.എം ന്റെ നേതൃത്വത്തിൽ PTA പ്രതിനിധികൾ ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മറ്റി വിലയിരുത്തും.

സാമൂഹികമായ കാര്യങ്ങളും അതുപോലെ ടാലന്റ് ലാബ് എന്നിവ അതാത് രംഗത്തെ പ്രഗത്ഭരെ ഉൾപ്പെടുത്തി HM ന്റെ നേതൃത്വത്തിൽ വിലയിരുത്തുന്നു.

## ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ

അടുത്ത അഞ്ചു വർഷംകൊണ്ട് നെട്ടയം ഗവ: ഹൈസ്കൂൾ അക്കാദമികമായും സാമൂഹികവുംഭൗതികവും ആയമികച്ച നിലയിൽ എത്തുന്നതിന് താഴേപറയുന്ന ഭൗതിക സാഹചര്യങ്ങൾ നേടിയെങ്കിൽ മാത്രമേ കഴിയൂ.

1. 15 ക്ലാസ് മുറികളെങ്കിലും അടങ്ങുന്ന മൂന്ന് നില കെട്ടിടവും ഹൈടെക് ക്ലാസ് മുറികളും മികച്ച ശൗചാലയങ്ങളും,
2. പ്രൈമറി ക്ലാസുകൾ ചൈൽഡ് ഫ്രണ്ടിലി, എക്കോ ഫ്രണ്ടിലി ആക്കാൻ വേണ്ടി ക്ലാസ് മുറി, ചുമരുകൾ വർണ്ണാഭമാക്കൽ, റൈറ്റിംഗ് ടേബിൾ, ചെറിയ കസേരകൾ,
3. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുവേണ്ടി മികച്ച അടുക്കളയും അത് വിതരണം ചെയ്യാൻ ഡൈനിംഗ് ഹാളും.
4. ഹയർ സെക്കന്ററി, വി എച്ച് സി ക്ലാസുകൾ അനുവദിക്കുക.
5. മികച്ചകൃഷിത്തോട്ടം സ്ഥാപിക്കുക.
6. ക്ലാസ് മുറികളെല്ലാം ഡിജിറ്റൽനിലവാരത്തിലേക്കു ഉയർത്തുക .
7. കുടിവെള്ള ശുദ്ധീകരണി സ്ഥാപിക്കുക.
8. ഒരു ജൈവവൈവിധ്യ പാർക്ക്, പൂന്തോട്ടം, നാടൻ ഫലവൃക്ഷത്തോട്ടം എന്നിവ നിർമ്മിക്കുക.
9. ബാസ്ക്കറ്റ്ബോൾ, വോളിബോൾ, ഫുഡ്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ, അത്‌ലറ്റിക്സ് എന്നിവയ്ക്ക് പരിശീലനം നൽകുക.
10. വർഷം തോറും മൂന്ന് കൗൺസിലിംഗ് സിലിംഗ് ക്ലാസ്സുകളെങ്കിലും നൽകുക.
11. മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുക.

ഇത്രയും ഭൗതിക സാഹചര്യങ്ങൾ ആർജിക്കുവാൻ കഴിഞ്ഞാൽ നെട്ടയം ഗവ: ഹൈസ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് തീർച്ചയായും ഉയരാൻ കഴിയും.

**ഉപസംഹാരം**

നെട്ടയം ഗവ. ഹൈ സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസ കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന് ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.

*****